**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 226** **16-09-2025-ൽ മറുപടിയ്ക്ക്**

**<u>കുഴഞ്ഞ് വീണു മരിക്കുന്നവരുടെ എണ്ണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. എം. സച്ചിൻദേവ്

ശ്രീ. കെ. എം. സച്ചിൻദേവ്

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** ഹൃദയ സംബന്ധമായ അസുഖം കാരണം പ്രായഭേദമെന്യേ മരണപ്പെടുന്നവരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടന്നിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് സംഭവിക്കുന്ന മരണങ്ങളിൽ ഭൂരിഭാഗവും ഹൃദയസംബന്ധമായ രോഗങ്ങൾ കൊണ്ടുണ്ടാകുന്നതാണെന്നാണ് കഴിഞ്ഞ ഒരു ദശാബ്ദക്കാലമായിട്ടുള്ള കണക്കുകൾ സൂചിപ്പിക്കുന്നത്. ഈ നിരക്ക് ക്രമാതീതമായി വർദ്ധിക്കുന്നതായി സമീപകാലത്തെ കണക്കുകളിൽ നിന്നും വെളിവാകുന്നില്ല. പ്രായം കുറഞ്ഞവരിലും ആകസ്മികമായ മരണങ്ങൾ സംഭവിക്കുന്നതിന്റെ വാർത്തകൾ സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്നുവെങ്കിലും ഏതെങ്കിലും പ്രത്യേക കാരണങ്ങളാലാണോ ഇങ്ങനെ സംഭവിക്കുന്നത് എന്നുള്ളതിന് തെളിവുകളൊന്നും ലഭിച്ചിട്ടില്ല.

**(ബി)** കോവിഡ് വാക്സിൻ കാരണമാണ് കുഴഞ്ഞ് വീണ് മരിക്കുന്നവരുടെ എണ്ണം വർദ്ധിച്ച് വരുന്നതെന്ന പൊതുജനങ്ങളുടെ ആശങ്ക സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടന്നിട്ടുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** ആകസ്മികമായ മരണങ്ങളുടെ കാരണം കോവിഡ് രോഗവും, കോവിഡ് വാക്സിനേഷനുമാണെന്ന അഭ്യൂഹങ്ങൾ പൊതുജനങ്ങളുടെ ഇടയിൽ ഉണ്ടായിട്ടുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കോവിഡ് വാക്സിനുമായി ഈ മരണങ്ങൾക്ക് ബന്ധമില്ലായെന്നാണ് ICMR, AIIMS തലത്തിൽ ഏഴായിരത്തിൽ അധികം ആളുകളിൽ നടത്തിയിട്ടുള്ള പഠനങ്ങൾ കാണിക്കുന്നത്.

**സെക്ഷൻ ഓഫീസർ**